# G H S KUZHUR

## ACADEMIC MASTER PLAN 2025-26





| പൊതു വിവരങ്ങൾ | |
|---|---|
| വിദ്യാലയത്തിന്റെ പേര് | ജി. എച്ച് .എസ്. കുഴൂർ |
| വിദ്യാലയ കോഡ് | 23033 |
| UDISE CODE | 32070901201 |
| പഞ്ചായത്ത് | കുഴൂർ ഗ്രാമ പഞ്ചായത്ത് |
| വാർഡ് | 11, കാക്കുളിശ്ശേരി |
| ഉപജില്ല | മാള |
| ബി.ആർ. സി | മാള |
| വിദ്യാഭ്യാസ ജില്ല | ഇരിങ്ങാലക്കുട |
| ജില്ല | തൃശ്ശൂർ |
| സംസ്ഥാനം | കേരളം |
| പിൻകോഡ് | 680734 |
| ഫോൺ നമ്പർ | 0480 2779496 |
| ഇ- മെയിൽ | ghskuzhur@yahoo.com |

കേരളത്തിന്റെ സാഹിത്യ സാംസ്കാരിക ചരിത്രത്തിൽ ഏറെ പ്രാധാന്യമുള്ള ഒരിടമാണ് കുഴൂർ . എറണാകുളം ജില്ലയോട് ചേർന്ന് കിടക്കുന്ന പ്രദേശം. കാർഷിക പാരമ്പര്യമുള്ള കുഴൂർ മേളപ്പെരുമയുടെ ഈറ്റില്ലമാണ്. കുഴൂർ നാരായണമാരാർ ഈ നാടിന്റെ കലാ പാരമ്പര്യം ഉയർത്തികാട്ടിയ മഹത് വ്യക്തിത്വമാണ് .നാനാജാതി മതസ്ഥർ ഒരുമയോടെ കഴിയുന്ന ഈ സ്ഥലം കേരളത്തിന്റെ മതേതരപാരമ്പര്യത്തിന്റെ അടയാളം കൂടിയാണ്. മാള വിദ്യാലയങ്ങളുടെ നാടാണ്.ഈ ഇത്തിരിവട്ടത്തിൽ എത്ര വിദ്യാലയങ്ങളാണുള്ളത്. കുഴൂർ ഗ്രാമ പഞ്ചായത്തിൽ മാത്രം മൂന്ന് ഹൈസ്കൂളുകളുണ്ട്. അതിൽ രണ്ടെണ്ണം സർക്കാർ വിദ്യാലയങ്ങളാണ്. വിദ്യ തന്നെയാണ് ഈ നാടിന്റെ ഏറ്റവും വലിയ സമ്പത്തും. ഉത്സവങ്ങളുടെ നാടാണ് കുഴൂർ. പള്ളിപ്പെരുന്നാളുകളും ക്ഷേത്രോത്സവങ്ങളും ജാതി വർണ്ണ വിവേചനങ്ങളൊന്നുമില്ലാതെ ആഘോഷിക്കുന്നവരാണ് ഇവിടുത്തുകാർ. കുഴൂർ സുബ്രഹ്മണ്യ ക്ഷേത്രവും ഐരാണിക്കുളം പൗരാണിക ശിവക്ഷേത്രവും കുഴൂർ ദേവാലയവുമെല്ലാം ഈ നാടിന്റെ ചരിത്ര പാരമ്പര്യത്തിന്റെ തിരുശേഷിപ്പുകളാണ്. ഉത്സവങ്ങൾ കാലാവതരണത്തിന്റെ വേദികൾ കൂടിയാണല്ലോ. വാദ്യകലപതി നാരായണമാരാരും മലയാള സിനിമയിലൂടെ പ്രേഷകരുടെ മനം കവർന്ന ശ്രീനാഥും ജനകീയ ഭിഷഗ്വരനായിരുന്ന ശ്രീ ടി ഐ രാധാകൃഷ്ണനും മലയാള സിനിമയിലെ നിറ സാന്നിദ്ധ്യവും മികച്ച നടനുള്ള സംസ്ഥാന ചലച്ചിത്ര അവാർഡ് ജേതാവുമായ ശ്രീ ജോജു ജോർജ്ജും ഈ നാടിന്റെ അഭിമാനമാണ്. വിവിധ മേഖലകളിൽ ശ്രദ്ധേയരായ എത്രയോ പേരുണ്ട് കുഴൂരിൽ. മഹത്തായ ചരിത്രപാരമ്പര്യമുള്ള കുഴൂർ സർക്കാർ ഹൈസ്കൂൾ 1914 ലാണ് സ്ഥാപിതമായതെന്ന് ചരിത്രം. വടക്കേ വീപാട്ട് വാര്യത്ത് വക ദാനം കിട്ടിയ സ്ഥലത്ത് പനയോല മേഞ്ഞ താൽക്കാലിക കെട്ടിടത്തിലാണ് തുടക്കം. പഴയ ഹാൾ നിന്നിരുന്ന സ്ഥലം പൊളിച്ച് നീക്കപ്പെട്ടിരിക്കുന്നു. ഏതൊക്കെയോ സുമനസ്സുകളുടെ നേതൃത്വത്തിൽ ആരംഭിച്ച ഈ വിദ്യാലയം അക്കാദമികവും അക്കാദമികേതരവുമായ പ്രവർത്തനങ്ങളാൽ ഇന്നും തലയുയർത്തി നിൽക്കുന്നു. പണ്ടിവിടെ തികച്ചും വിജനമായ പ്രദേശമായിരുന്നു.

ഇപ്പോഴത്തെ പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തിനു പടിഞ്ഞാറ് ഭാഗത്ത് കൊച്ചി രാജാവിന്റെ നിയന്ത്രണത്തിലുള്ള പഴയ നീതിന്യായ ആസ്ഥാനമായ ഹജ്ജൂർ കച്ചേരി ആയിരുന്നത്രേ. അതിന് പിന്നിൽ ആലിനു കിഴക്കായി ഹജ്ജൂർ കച്ചേരിയുടെ നിയന്ത്രണത്തിലുള്ള കാവടയും (അന്യരുടെ കൃഷി നശിപ്പിച്ച കന്നുകാലികളെ പിടിച്ച് കെട്ടി സൂക്ഷിക്കുന്ന തൊഴുത്ത്) ഉണ്ടായിരുന്നത്രെ . സ്കൂൾ കവാടത്തിനടുത്തുള്ള കിണറും ഹജ്ജൂർ കച്ചേരിയുടെ കാലത്തുണ്ടായിരുന്നതാണത്രെ. 1980 ൽ അപ്പർ പ്രൈമറി സ്കൂളായും 01/09/1984 മുതൽ ഹൈസ്കൂളായും ഉയർത്തി. 1988 ൽ ആദ്യ എസ് എസ് എൽ സി ബാച്ച് 100 % വിജയത്തോടെ പുറത്തിറങ്ങി. 1989 ലും 100 ശതമാനം വിജയം ആവർത്തിച്ചു . കുഴൂരിൽ 13 കൊല്ലമായി എസ് എസ് എൽ സി ക്ക് 100 ശതമാനം വിജയം അവർത്തിച്ചുകൊണ്ടിരിക്കുന്നു.. 2016 ൽ നിലവിൽ വന്ന കേരള സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി നമ്മുടെ വിദ്യാലയവും വികസനപാതയിലാണ്. കെട്ടിടങ്ങൾ ഹൈടെക്കായി. പ്രീ പ്രൈമറി വിഭാഗം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നു. എത്രയോ തലമുറകൾ ഈ വിദ്യാലയത്തിലൂടെ അറിവ് നേടി പുറത്ത് പോയിരിക്കുന്നു. ഐരാണിക്കുളം ശിവക്ഷേത്രവും കുഴൂർ സുബ്രമണ്യ ക്ഷേത്രവും പഴയ പൈതൃകത്തിന്റെ അടയാളങ്ങളായി ഇന്നും ഇവിടെയുണ്ട്. പള്ളിപ്പെരുന്നാളുകളും ക്ഷേത്രോത്സവങ്ങളും ഒരേ മനസ്സോടെ ആഘോഷിക്കുന്നവർ ഇന്നും ഈ നാടിന്റെ സാംസ്കാരിക പൈതൃകം നില നിർത്തുന്നു. പി ടി എ ,എസ് എം സി ,എം പി ടി എ, ത്രിതല പഞ്ചായത്ത് ഭരണ സമിതികൾ, വിവിധ ജനപ്രതിനിധികൾ എന്നിവർ ഒത്തൊരുമയോടെ ഈ വിദ്യാലയത്തിന്റെ വികസനത്തിനായി പരിശ്രമിച്ചു കൊണ്ടിരിക്കുന്നു.

# പൊതുലക്ഷ്യങ്ങൾ

*കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതുണ്ട്. യാത്രാ സൗകര്യം കുറവുള്ള ഈ മേഖലയിൽ കുട്ടികൾക്ക് സ്കൂൾ ബസ് സംവിധാനം ഒരുക്കേണ്ടതുണ്ട്. ഇതിനായി എം എൽ എ, എം പി ഫണ്ടുകൾ ലഭ്യമാക്കണം .

*സമഗ്രവിദ്യാഭ്യാസ വികസന സങ്കൽപ്പങ്ങൾക്ക് അനുയോജ്യമാംവിധം അത്യാധുനിക സൗകര്യങ്ങളോടു കൂടിയ ക്ലാസ്സ് മുറികൾ നിർമ്മിക്കണം. ഡിജിറ്റൽ പഠന സംവിധാനം ഒരുക്കണം.

*സ്കൂൾ കോമ്പൗണ്ട് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കപ്പെടണം. ആകർഷകമായ കവാടം ഒരുക്കണം.

*സ്കൂൾ ഗ്രൗണ്ട് ടർഫ് സംവിധാനത്തിലേക്ക് ഉയർത്തണം. ഗ്രൗണ്ടിന് മുന്നിലൂടെ കടന്ന് പോകുന്ന നെടുമ്പാശ്ശേരി എയർപോർട്ട് റോഡിലൂടെയുള്ള വാഹനത്തിരക്ക് ഒഴിവാക്കുന്നതിനും കുട്ടികൾക്ക് അപകടസാദ്ധ്യത ഇല്ലാതാക്കുന്നതിനും ടർഫ് സംവിധാനം സഹായകമാകും.

*കായികപരിശീലനത്തിന് അദ്ധ്യാപകസേവനവും ആവശ്യമാണ്. അദ്ധ്യാപകരും കുട്ടികളും ഒരുപോലെ നേരിടുന്ന കാവിഡാനന്തര മാനസിക സംഘർഷങ്ങൾ പരിഹരിക്കുന്നതിനായി കൗൺസിലിംഗ് അടക്കമുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

*കോവിഡ് കാലത്തെ പഠനവിടവ് നികത്തുന്നതിനായി അധികപഠന ക്ള്ളാസ്സുകൾ നൽകേണ്ടതുണ്ട്.പത്താം ക്ലാസ് കുട്ടികൾക്കായി അധികപഠന ക്ലാസുകൾ നടത്തുന്നതോടൊപ്പം അവർക്ക് ലഘുഭക്ഷണ സൗകര്യം കൂടി ഉറപ്പ് വരുത്തേണ്ടതുണ്ട്. "സമേതം" പദ്ധതിയിലൂടെ ജില്ലാ പഞ്ചായത്ത് സഹായം ലഭ്യമാക്കണം.

*സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിലേക്ക് ഭൗതികസാഹചര്യം ഒരുക്കുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കണം

* പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രം, ബാരിയർ ഫ്രീ പ്രൊജക്റ്റ് ,അടക്കള പ്രൊജക്റ്റ്, ജില്ലാ പഞ്ചായത്ത് ഫണ്ടുകൾ എന്നിവ പൂർത്തിത്തീകരിക്കുന്നതോടെ സ്കൂളിന്റെ മുഖച്ഛായ മാറ്റാൻ കഴിയും.

# സ്കൂളിൽ നടത്തിവരുന്ന പ്രധാന അക്കാദമിക പ്രവർത്തനങ്ങൾ

| | | |
|---|---|---|
| 1 | പ്രവർത്തനങ്ങൾ | ലക്ഷ്യം |
| 2 | പ്രവേശനോത്സവം | കുട്ടികൾക്ക് സ്കൂൾ പ്രവേശനം ആനന്ദകരവും ആഹ്ലാദകരവും ആക്കുന്നതിന് |
| 3 | ദിനാചരണങ്ങൾ | ക്ലബ്ബുകളുടെ നേതൃത്വത്തിൽ വിവിധ ദിനാചരണങ്ങൾ അക്കാദമിക പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ച് നടത്തണം |
| 4 | ഐ സി ടി അധിഷ്ഠിത പഠനം | അക്കാദമി പ്രവർത്തനങ്ങൾ കുട്ടികൾക്ക് വളരെ എളുപ്പത്തിൽ ഗ്രഹിക്കാനും പഠനോത്സാഹം ഉണ്ടാക്കുന്നതിനും അനുയോജ്യമാംവിധം ഐ സി ടി സാധ്യതകൾ ഉപയോഗിക്കണം |
| 5 | ലാപ്ടോപ്പ് .പ്രൊജക്ടർ ,ടിവി എന്നിവയുടെ സഹായത്താൽ സ്മാർട്ട് ക്ലാസ്സ് റൂം പഠനം | കുട്ടികളിൽ ഐ ടി സാധ്യതകൾ വഴി പഠനം സുഗമമാക്കണം |
| 6 | ഗൃഹ സന്ദർശനം | കോവിഡാനന്തര പ്രശ്നങ്ങൾ കുട്ടികളിൽ വലിയ മാനസിക പ്രയാസങ്ങൾക്ക് കാരണമായിട്ടുണ്ട്. കുട്ടികളെ കാണുന്നതിനും അവരുടെ ജീവിത സാഹചര്യങ്ങൾ മനസ്സിലാക്കുന്നതിനും ഗൃഹ സന്ദർശനങ്ങൾ ഉപകരിക്കും. |
| 7 | യൂണിറ്റ് ടെസ്റ്റ് | കുട്ടികളുടെ പഠനനിലവാരം വിലയിരുത്തുന്നതിനും പഠനപ്രവർത്തനങ്ങളിലൂടെ നേടിയെടുക്കേണ്ട ലക്ഷ്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനും യൂണിറ്റ് ടെസ്റ്റുകളും നിരന്തരം മൂല്യനിർണയവും ആവശ്യമാണ് |
| 8 | ബാലസഭ /സർഗ്ഗ വേദി | എല്ലാ വെള്ളിയാഴ്ചയും ബാലസഭ . സർഗ്ഗവേദി എന്നിവ കുട്ടികളുടെ കലാ സാഹിത്യ വാസന കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഉപകരിക്കുന്നു. |
| 9 | ഐ ടി ഫെസ്റ്റ് | വിവരസാങ്കേതിക മേഖലകളിൽ കുട്ടികളുടെ അഭിരുചികൾ കണ്ടെത്തുന്നതിനും അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും ആയി വിവിധ തലങ്ങളിൽ കുട്ടിക്ക് അവസരം ഒരുക്കുന്നു. |
| 10 | ക്ലാസ് പി ടി എ | കുട്ടികളുടെ പ്രവർത്തനങ്ങൾ വിലയിരുത്താൻ, പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ,പരിഹാരം |

| | | |
|---|---|---|
| | | കണ്ടെത്താൻ ,പരസ്പരം മനസ്സിലാക്കാൻ . |
| 11 | ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് | കുട്ടികളുടെ ഐ ടി അഭിരുചി കണ്ടെത്തുന്നതിനും തൊഴിൽ മേഖല വികസിപ്പിക്കുന്നതിനും . |
| 12 | എസ് ആർ ജി | പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് ,<br>കുട്ടികളുടെ പ്രശ്നങ്ങൾ തിരിച്ചറിയുന്നതിന് ,<br>അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിന് ,<br>കുട്ടികളുടെ അക്കാദമികേതര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന്, മൂല്യനിർണയം നടത്തുന്നതിന്, സമേതം<br>പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് . |
| 13 | പരിഹാരബോധനം | ശ്രദ്ധ ,നവപ്രഭ , മലയാളത്തിളക്കം ഗണിത വിജയം പോലുള്ള പദ്ധതികളിലൂടെ കോവിഡ് കാലത്ത് കുട്ടികൾക്ക് നഷ്ടപ്പെട്ട ശേഷികൾ വീണ്ടെടുക്കാൻ കഴിയുന്നു. |
| 14 | കോർണർ പി ടി എ | ക്ലാസ് പി ടി എ കളിൽ പങ്കെടുക്കാൻ കഴിയാത്ത കുട്ടികളുടെ രക്ഷിതാക്കളെ നേരിട്ട് കാണുന്നതിനും പഠനനിലവാരം വിലയിരുത്തുന്നതിനും രക്ഷിതാക്കളും നാട്ടുമായി നല്ല ബന്ധം പുലർത്തുന്നതിനും കോർണർ പി ടി എ സഹായകമാണ്. |
| 15 | എഴുത്തുപെട്ടി | കുട്ടികളുടെ സർഗാത്മകശേഷികൾ വികസിപ്പിക്കുന്നതിന് . പുസ്തകാസ്വാദനം, വായനശാലയുമായി ബന്ധപ്പെട്ട രചനാ ശില്പശാലകൾ എന്നിവ |
| 16 | നേതൃ പരിശീലനം | സ്കൂൾ അസംബ്ലികൾ , പൊതുപരിപാടികൾ സംഘടനാ പാടവം മെച്ചപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങൾ . |
| 17 | വിവിധ ബോധവൽക്കരണ പരിപാടികൾ | വിമുക്തി ക്ലബ്ബിലൂടെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ |
| 18 | മോട്ടിവേഷൻ ക്ലാസുകൾ | പഠനം മെച്ചപ്പെടുത്തുന്നതിന് ജീവിതലക്ഷ്യം കൈവരിക്കുന്നതിന് നല്ല പൗരന്മാരായ വളരുന്നതിന് ജീവിതമൂല്യങ്ങൾ തിരിച്ചറിയുന്നതിന് |

| | | |
|---|---|---|
| 19 | സർഗോത്സവം | വിദ്യാരംഗം ക്ലബ്ബിലൂടെ കലാസാഹിത്യം മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് രചനകളിൽ ഏർപ്പെടുന്നതിന് |
| 20 | നാടക ശില്പശാല | അഭിനയശേഷി കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും |
| 21 | മത്സര പരീക്ഷ പരിശീലനം | പരീക്ഷ സിലബസ് അനുസരിച്ച് എൽ എസ് , യു എസ് എസ് ,നൃമാത് സ്, എൻ എം എം എസ് മത്സര പരീക്ഷകൾക്ക് പരിശീലനം |
| 22 | ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് ക്ലബ്ബിന്റെ നേതൃത്വത്തിൽ സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം, പാഠഭാഗങ്ങളെ ബന്ധിപ്പിച്ച് കൾച്ചറൽ പ്രോഗ്രാം |
| 23 | എസ്എസ്എൽസി അധിക പഠന ക്ലാസുകൾ | എസ്എസ്എൽസി വിജയശതമാനം വർദ്ധിപ്പിക്കുന്നതിന്<br>പഠന പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് |
| 24 | കൗൺസിലിംഗ് | കുട്ടികൾ നേരിടുന്ന ശാരീരികവും മാനസികവുമായ വെല്ലുവിളികൾ അറിയുന്നതിനും പരിഹരിക്കുന്നതിനും പിന്തുണയൊരുക്കുന്നതിനും . |
| 25 | ഹെൽപ്പ് ഡെസ്ക് | കുട്ടികൾ നേരിടുന്ന വിവിധ പ്രയാസങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും |
| 26 | റൈഫിൾ ഷൂട്ടിങ് | മനസ്സിന് ഏകാഗ്രത ഉണ്ടാക്കുന്നതിനും കായിക ശേഷി വർദ്ധിപ്പിക്കുന്നതിന് |
| 27 | ഫുട്ബോൾ കോച്ചിങ് / ഷട്ടിൽ ബാഡ്മിൻറൺ | ലഹരിമുക്ത വിദ്യാലയം എന്ന ലക്ഷ്യത്തോടെ കുട്ടികളെ ഫുട്ബോൾ /ഷട്ടിൽ ബാഡ്മിൻറൺപരിശീലനത്തിലൂടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിന് . |
| 28 | വിവിധ ക്ലബ്ബുകൾ | വിവിധ ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ അഭിരുചി അനുസരിച്ച് ചിന്തിക്കാനും വളരാനും പ്രവർത്തിക്കാനും പ്രാപ്തരാക്കാൻ |
| 29 | യോഗ പരിശീലനം | കുട്ടികളിൽ ഏകാഗ്രത വളർത്തുന്നതിനും ശാരീരികവും മാനസികവുമായ ആരോഗ്യം നിലനിർത്തുന്നതിനും . |

# പ്രീ പ്രൈമറി വിഭാഗം

ഒരു കുട്ടിയുടെ ജീവിതത്തിലെ ആദ്യത്തെ മൂന്നുവർഷം ഭാഷാ സമ്പാദനത്തിനും സാമൂഹികവൽക്കരണത്തിനും പഠനത്തോടുള്ള മനോഭാവത്തിനും അടിത്തറ പാകുന്നതിന് നിർണായകമാണ്. പ്രൈമറി ക്ലാസുകളിലേക്കുള്ള കുട്ടികളുടെ പ്രവേശനം മെച്ചപ്പെടുത്തണമെങ്കിൽ പ്രീ - പ്രൈമറി തലം മികവുറ്റതാക്കി മാറ്റേണ്ടതുണ്ട്. ആകർഷകമായ പ്രീ- പ്രൈമറി തലം പൊതുവിദ്യാലയങ്ങളുടെ വളർച്ചയുടെ അടിസ്ഥാന ശിലയായി വർത്തിക്കുന്നു. ആരോഗ്യകരമായ ഭക്ഷണം, സാമൂഹികവൽക്കരണം, പുസ്തകങ്ങൾ, കളി വിഭവങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് ഗുണമേന്മയുള്ളതും ശാസ്ത്രീയമായി പ്രദർശനാധിഷ്ഠിതത്തിനപ്പുറം പ്രവർത്തനാധിഷ്ഠിത രീതിയിൽ പ്രീ- പ്രൈമതലം ഒരുക്കുന്നു.

## ലക്ഷ്യങ്ങൾ

*ശാരീരിക വൈജ്ഞാനിക വൈകാരിക വികാസങ്ങൾ പരസ്പര പൂരകങ്ങളായി പ്രവർത്തിക്കുന്നു. അതുകൊണ്ടുതന്നെ പ്രീ സ്കൂൾ ഘട്ടത്തിൽ ഇവയെല്ലാം പരിഗണിക്കുന്ന സമഗ്രമായ സമീപനം ആവശ്യമാണ്.

*കുട്ടിയുടെ വികാസം തുടർച്ചയായി നടക്കേണ്ട ഒരു പ്രക്രിയയാണ്. ആദ്യം ലഭിക്കുന്ന അനുഭവങ്ങൾ തുടർന്നുള്ളവയെ സ്വാധീനിക്കും എന്നുള്ളതുകൊണ്ടുതന്നെ പ്രീ പ്രൈമറി ഘട്ടത്തിൽ വികാസാ വശ്യങ്ങൾക്ക് പ്രാധാന്യം നൽകേണ്ടതാണ്.

*പഠന രീതി കളിയായിരിക്കണം.

*ബോധന മാധ്യമം മാതൃഭാഷയായിരിക്കണം.

*വീടുവിട്ട് മറ്റൊരു വീട് എന്ന് അനുഭവം കുട്ടിക്ക് ലഭിക്കണം.

*കലകൾക്ക് പ്രാധാന്യം നൽകണം.

*കുട്ടികളുടെ സവിശേഷമായ ചിന്താരീതികൾക്കും നേരെ അനുഭവങ്ങൾക്കും പ്രഥമ പരിഗണന നൽകണം.

* ദൈനംദിന ജീവിതത്തിലെ പരിമിതമായതും കുട്ടി നേരിടേണ്ടി വരുന്നതുമായ സാഹചര്യങ്ങളെ പ്രയോജനപ്പെടുത്തണം.

*പ്രാദേശിക സാമഗ്രികൾ, പ്രാദേശിക കലകൾ, പ്രാദേശിക അറിവുകൾ എന്നിവ പരമാവധി പ്രയോജനപ്പെടുത്തണം.

*വൈവിധ്യങ്ങളെ മാനിക്കുന്നതും, ആരോഗ്യവും, ആരോഗ്യ ശീലങ്ങൾ, കുട്ടിയുടെ ക്ഷേമം എന്നിവയ്ക്ക് ഊന്നൽ നൽകുന്നതുമാ യിരിക്കണം പ്രീ സ്കൂൾ വിദ്യാഭ്യാസം.

*ഭിന്നശേഷി സൗഹൃദ സാഹചര്യങ്ങൾക്ക് കൂടി മുൻതൂക്കം നൽകുന്നതായിരിക്കണം പ്രീ സ്കൂൾ അന്തരീക്ഷം.

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | ഗണിത പാർക്ക്<br>ഗണിതം മധുരമാക്കൽ | വിവിധ ജാമിതീയ രൂപങ്ങൾ ഉപയോഗിച്ച്പാർക്ക് പോലെ നിർമ്മിക്കുക | വർഷത്തിൽ ഒരു പ്രാവശ്യം | അധ്യാപകർ | വിവിധ ഗണിത ജാമിതീയ രൂപങ്ങൾ | സ്കൂൾ പി ടി എ |
| 2 | ശലഭോ ധ്യാനം<br>പ്രകൃതിയുമായി ഇണങ്ങാനും പ്രകൃതിയെ പഠിക്കാനും | ശലഭങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള പൂച്ചെടികൾ വച്ചുപിടിപ്പിച്ച് ഉദ്യാനം മനോഹരമാക്കുന്നു. | വർഷത്തിൽ ഒരുതവണ | അധ്യാപകർ | കുട്ടികൾ<br>അധ്യാപകർ<br>രക്ഷിതാക്കൾ | ഒ എസ് എ |
| 3 | കഥോത്സവം<br>ഭാഷാ വികസനം | കുട്ടികൾ<br>പാട്ടുകളുംചിത്രങ്ങളും കണ്ടും കേട്ടും കഥ പറയുന്നു | 1 മാസം | അദ്ധ്യാപകർ,<br>രക്ഷിതാക്കൾ | ചിത്രകാർഡ്,ചിത്ര പുസ്തകങ്ങൾ | ബി ആർ സി |
| 4 | വരയുത്സവം<br>ചെറിയ പേശികളുടെ വികാസം.കുട്ടികളെ അക്ഷര ത്തിലേക്ക് നയിക്കുക | കഥകൾ പാട്ടുകൾ കേൾപ്പിച്ചുകൊണ്ട് കുട്ടികൾ സ്വന്തമായി ചിത്രം വരയ്ക്കുന്നു.സ്വതന്ത്ര വരയ്ക്കുള്ള അവസരം ഒരുക്കുന്നു | 1 മാസം | അധ്യാപകർ,<br>രക്ഷിതാക്കൾ | കളർ പെൻസിൽ,<br>ചോക്ക്,ക്രയോൺ,<br>പ്രകൃതിയിൽ നിന്നുള്ള വസ്തുക്കൾ | ബി ആർ സി |
| 5 | കായിക പരിശീലനം<br>ശാരീരിക മാനസിക വികാസം | വിവിധ തരത്തിലുള്ള കായിക പരിശീലനങ്ങൾ | ഒരു അക്കാദമിക് ഇയർ | കായിക അധ്യാപകർ,ക്ലാസ് ടീച്ചർ | കളി ഉപകരണങ്ങൾ | സ്കൂൾ |

# എൽ പി വിഭാഗം

വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങൾ കുട്ടികളിൽ എത്തിക്കുക ,ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക, വിദ്യാഭ്യാസ അവകാശ നിയമങ്ങൾ അനുസരിച്ചുള്ള അവകാശങ്ങൾ ഉറപ്പു ഉറപ്പുവരുത്തുക, മാതൃഭാഷ അരക്കിട്ട് ഉറപ്പിക്കുക. ഇംഗ്ലീഷ് ഭാഷയിലും ശാസ്ത്ര വിഷയങ്ങളിലും സാമാന്യബോധം ഉണ്ടാക്കുക, ഗണിതശാസ്ത്രം . സാമൂഹ്യശാസ്ത്രം എന്നിവയിൽ സാമാന്യധാരണ ഉണ്ടാക്കുക എന്നിവയാണ് ലോവർ പ്രൈമറിയിലൂടെ സാധ്യമാകുന്നത്.

## ലക്ഷ്യങ്ങൾ

*കുട്ടികളിൽ സ്വയം രൂപപ്പെടുന്ന അച്ചടക്കം ഭൗതികതലത്തിലും പ്രായോഗികതലത്തിലും നേടിയെടുക്കാൻനേടിയെടുക്കാൻ ആ പഠന പാഠ്യേതര പ്രവർത്തനങ്ങളിലൂടെ ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കുക

*പ്രൈമറി ക്ലാസുകളിൽ വച്ച് തന്നെ ഭാഷാ വിഷയങ്ങളിൽ പ്രാവീണ്യം നേടിക്കൊടുക്കുക

*ശാസ്ത്ര വിഷയങ്ങളിൽ അഭിരുചി വളർത്തുന്നതിനും ഗണിതം സാമൂഹ്യശാസ്ത്രം എന്നിവയുടെ ശാസ്ത്രമനുഭവമുള്ള നാളത്തെ പൗരന്മാരായി വളർത്തുവാനും

*ജനാധിപത്യത്തിന്റെ വളർച്ചക്കും വികാസത്തിനും രാജ്യത്തിൻറെ പൈതൃകം ചരിത്രം സംസ്കാരം എന്നിവയിൽ അവബോധം വളർത്തുന്നതിന്

*വിവരസാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഈ ലോകത്ത് ജീവിക്കാൻ പ്രാപ്തരാക്കുന്നതിന് ആവശ്യമായ അറിവ് പകർന്നു നൽകൽ

*ആരോഗ്യം കാലാകായിക മേഖലകളിൽ ആവശ്യമായ അറിവും പരിശീലനവും നൽകുക

# മാതൃഭാഷ മലയാളം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | കുട്ടിയ്ക്ക് എഴുതാനും വായി ക്കാനുമുള്ള ശേഷി നേടുന്നതിന് | ക്ലാസ്സ്മുറിയുടെ എല്ലാ ചുവരുകളിലും കുട്ടികളുടെ പൊക്കത്തിനനുസരിച്ചുള്ള ബ്ലാക്ക് ബോർഡുകൾ സ്ഥാപിക്കുന്നു. ഇതിൽ ക ളർ ചോക്കുകൾ ഉപയോഗിച്ച് അക്ഷരങ്ങൾ എഴുതി പഠിക്കുന്നു. ചിത്രങ്ങൾ വരച്ച് അടി ക്കുറിപ്പുകൾ എഴുതുന്നു. അക്ഷരക്ലാസ്സ്, ശ്രു ദ്ധ, അക്ഷരങ്ങൾ, വാക്കുകൾ, വാക്യ ങ്ങൾ എന്നിവയടങ്ങിയ ചാർട്ടുകൾ പ്രദർശി പ്പിക്കുന്നു. | 1, 2 ക്ലാസ്സു കളിൽ എല്ലാ ദിവസവും നിശ്ചിത സമയത്ത് ചെയ്യുന്നു. | അധ്യാപകർ | കൈപുസ്തകം, സി.ഡി, ഇന്റർനെറ്റ് | പി ടി എ |
| 2 | ചിഹ്നങ്ങൾ ഉറപ്പിക്കുന്നതിന് | ബ്ലാക്ക് ബോർഡിന് മുകളിലായി ചുവരുകളിൽ ചിഹ്നങ്ങൾ വരുന്ന ചെറുകഥകളും കവിതകളും ചിത്രീകരിക്കൽ. ചിഹ്നങ്ങളും അവയുടെ സ്വരങ്ങളും, ചിഹ്നങ്ങൾ ഉപയോഗിച്ചുള്ള വാക്കുകളും എഴുതിയ ചാർട്ടുകൾ ക്രമീകരിക്കുന്നു. | 1,2 ക്ലാസ്സു കളിൽ എല്ലാ ദിവസവും നിശ്ചിത സമയത്ത് അത് വായിപ്പി ക്കുന്നു | അധ്യാപകർ | ഇന്റർനെറ്റ് | ഒ എസ് എ |
| 3 | കുട്ടി എഴുതാനും വായിക്കാനും മുള്ള ശേഷി നേടുന്നതിന് | വാക്കുകളിൽ നിന്നും വാചകങ്ങളിലേക്ക് പ രിശീലനം വ്യാപിക്കുന്നു. എഴുതിയത് ഉറക്കെ വായിപ്പിക്കുന്നു. തുടർപ്രവർത്തനം | മൂന്നാം ക്ലാസ്സ് | അധ്യാപകർ | കുട്ടികളുടെ പുസ്തങ്ങൾ, | പി ടി എ |

| | | | | | | |
|---|---|---|---|---|---|---|
| 4 | ആശയങ്ങളുടെ സ്പഷ്ടീകരണം | മാതൃഭാഷയിലുള്ള പ്രസംഗപരിശീലനം | 3,4 ക്ലാസ്സ് പ്രത്യേകം നിശ്ചയിച്ച സമയത്ത് എല്ലാ ദിവസവും | അധ്യാപകർ | കുട്ടികളുടെ പുസ്തകങ്ങൾ, സി.ഡി.കൾ | പി ടി എ |
| 5 | കുട്ടികളിൽ നേതൃത്വഗുണം വളർത്തുന്നതിന് | പ്രൈമറിയിലെ എല്ലാകുട്ടികളെയും ഉൾപ്പെടുത്തി നേതൃത്വപരിശീലന ക്യാമ്പ് നടത്തുന്നു. | 2. അവധി ദിവസം | അദ്ധ്യാപകർ, രക്ഷിതാൾ, റിസോഴ്സ് പേഴ്സൺ | പ്രോജക്ടറും, മറ്റ് അനുബന്ധ ഉപകരണങ്ങളും | ബി ആർ സി, എസ് ആർ ജി, പി ടി എ, ഒ എസ് എ |
| 6 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് | മലയാളത്തിളക്കം, പ്രീ-ടെസ്റ്റ്-അക്ഷരമുറപ്പിക്കൽ ചിഹനമുറപ്പിക്കൽ,അക്ഷരബോർഡ് തയ്യാറാക്കൽ, വാക്കുകൾ എഴുതിയ കാർഡുകൾ നൽകൽ, വാക്കുകൾ നിർമ്മിക്കൽ,വാക്യങ്ങൾ നിർമ്മിക്കൽ, അടിക്കുറിപ്പ്, ചിത്രവായന, കഥപറയൽ, എഴുതൽ, പുസ്തക വായന, ചിത്രീകരണം, ആശയം ക്രമപ്പെടുത്തൽ | മലയാളത്തിളക്കം, ശ്രദ്ധ | അദ്ധ്യാപകർ, ബി.ആർ.സി പരിശീലകർ | മലയാളത്തിളക്കം, സി.ഡി.കൾ, മൊഡ്യൂൾ | സ്കൂൾ |
| 7 | ആശയവിനിമയ ശേഷി വർദ്ധിപ്പിക്കുന്നതിന് | പ്രസംഗ പരിശീലനക്കളരി, ബാലസഭ, നാടകം, വിവരണം | മാസത്തിൽ ഒരിക്കൽ | അധ്യാപകർ | ഇന്റർ നെറ്റ് | പി ടി എ |

| | | | | | | |
|---|---|---|---|---|---|---|
| 8 | രചനകളെ ഉച്ചാരണശുദ്ധി, ഒഴുക്ക് ആവശ്യമായ ഭാവവ്യതിയാനം എന്നിവയോടെ വായിക്കുന്നു | കഥകൾ, കവിതകൾ, സംഭാഷണങ്ങൾ. എന്നിവ രചിക്കൽ | മൂന്നാം ക്ലാസ്സ് | അധ്യാപകർ | ടെക്സ്റ്റ് ബുക്ക്, രചനകൾ | |
| 9 | സ്വതന്ത്ര രചനയ്ക്ക് അവസരമൊരുക്കൽ | കഥാരചന, കവിതാരചന | പാഠഭാഗവുമായി ബന്ധപ്പെട്ട് | അധ്യാപകർ | കുട്ടികളുടെ പുസ് തകങ്ങൾ | |
| 10 | നാടിന്റെ സംസ്കാരം അറിയുന്നതിന് | പഠന യാത്ര, അഭിമുഖം, വീഡിയോ പ്രദർശനം | ആവശ്യ സന്ദർഭങ്ങളിൽ | അധ്യാപകർ | മുതിർന്നവർ, ഇന്റർനെറ് | |

# ഗണിതശാസ്ത്രം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | എണ്ണൽ എന്ന ഗണിതാശയം, സംഖ്യാബോധം രൂപീകരിക്കൽ | അക്കക്കളരി,അക്കങ്ങൾക്ക് പിന്നിൽ ആശയമുണ്ട് ബോദ്ധ്യപ്പെടുത്തി എണ്ണാൻ പഠിപ്പിക്കു ന്നത് തിരിച്ചറിയുന്നത് ഗ്രൂപ്പുകൾ ആക്കൽ, മഞ്ചാടി മുത്ത്, വളകൾ, മിഠായി പെറുക്കൽ, എണ്ണത്തിനനുസരിച്ച് ചിത്രം വരക്കൽ, ചിത്രം എണ്ണി രേഖപ്പെടുത്തൽ ഉല്ലാസഗണിതം,ഗണി ത വിജയം | ജൂൺ ജൂലൈ മാസങ്ങൾ തുടർ പ്രവർത്തനം | അധ്യാപകർ | ചിത്രപുസ്തകം ഗണിത ബുക്ക് | അദ്ധ്യാപകർ, കുട്ടികൾ |
| 2 | കൂട്ടലും,കുറയ്ക്കലും പരിശീലി പ്പിക്കുന്നതിന് അടിസ്ഥാന ജ്യാ മിതീയ രൂപങ്ങൾ പരിചയ പ്പെടുന്നതിന് മന കണക്കുകൾ | സങ്കലനകളരി, ഗണിത ക്രിയകൾ ഉൾപ്പെടുന്ന ചെറു ചോദ്യങ്ങൾ ത്രികോണം,വൃത്തം,ചതു രം, സമചതുരം പരിചയപ്പെടുത്തൽ | ആഗസ്റ്റ് സെപ്തംബർ തുടർ പ്രവർത്തനം | അധ്യാപകർ | വർക്ക് ബുക്ക് ഗണിത ബുക്ക് | PTA, BRC |
| 3 | പാഠപുസ്തക വിനിമയം, നിരന്ത ര മൂല്യനിർണ്ണയം | യൂണിറ്റ് ടെസ്റ്റ്, ടേം മൂല്യനിർണ്ണയം, കലണ്ടർ, വർക്ക് ഷീറ്റുകൾ | ഒക്ടോബർ നവംബർ തുടർ പ്രവർത്തനം | അധ്യാപകർ, എസ് ആർ ജി | ഹാൻഡ്ബുക്ക്, റിസോഴ്സ് ബുക്ക്, CD , ഇന്റർനെറ്റ് | PTA, BRC |

| | | | | | | |
|---|---|---|---|---|---|---|
| 4 | ഗുണനക്രിയ, മനക്കണക്കുകൾ, ജ്യാമിതീയ ചിന്തകൾ | ആവർത്തന സങ്കലനമാണ് ഗുണനം എന്ന് മന സ്സിലാക്കി മനക്കണക്കായി ഉത്തരം പറയാ നും ചെറിയ ജ്യാമിതീയ രൂപങ്ങളുടെ ചുറ്റളവ് പറയാനും പഠിക്കുന്നു. | സമയബന്ധിതമായി നടപ്പാക്കണം തുടർ പ്രവർത്തനം | അധ്യാപകർ, എസ് ആർ ജി | വർക്ക് ഷീറ്റുകൾ | BRC, PTA, OSA, SRG |
| 5 | ഹരണക്രിയ പാറ്റേണുകൾ ഗണിത ചിന്തകൾ | ആവർത്തിച്ചുള്ള കുറയ്ക്കൽ, ശിഷ്ടം എന്ന ഗണിതാശയങ്ങൾ ഉറപ്പിക്കുന്നതിന് ഉതകുന്ന വർക്കുകൾ പങ്കുവയ്ക്കലാണ് ഹരണം എന്നാശയം ഉറപ്പിക്കുക | തുടർ പ്രവർത്തനം | അധ്യാപകർ, ബി ആർ സി | Handbook Resource book CD Worksheet | സ്കൂൾ |
| 6 | ഗുണന ക്രിയകൾ അടങ്ങുന്ന പ്രശ്നാപഗ്രഥനം | പ്രായോഗിക പ്രശ്നങ്ങൾ, സന്ദർഭങ്ങൾ, ആവിഷ്കരിക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട് | | | |
| 7 | സമയവുമായി ബന്ധപ്പെടുത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. | ടൈംടേബിൾ യാത്രാ പട്ടിക എന്നിവ തയ്യാറാക്കുന്നു. | നവംബർ | അധ്യാപകർ | | കുട്ടികളുടെ പുസ്തകങ്ങൾ |

# LEARNING ENGLISH LANGUAGE

| No | Aim | Activity | Period | Support | Resource | Financial |
|---|---|---|---|---|---|---|
| 1 | Learning English alphabets, Simple words, Short stories | Use  the black boards in the class room walls, colours objects and its names | Daily | Teacher | Text Book Children’s book, Local Text | |
| 2 | To make the a familiarity with language | Read stories, learning story, reading, work sheets and text books activities | Daily | Teacher | Text book local Text | |
| 3 | To make more activities to get language ability | Text book & work book activities giving story books in the class for regular reading, English Assembly, English Fest, English Corner | Daily cyclic once in a week three times a year | Teachers, Children | Text book childrens book text News paper | PTA |
| 4 | To make the language more effective conversation | Class room activities based on text books YouTube  seeing short films work sheets | Daily | Teachers | Internet | PTA |
| 5 | Language elements, English sentence making | Class room activities, Giving situations | Related to the chapters | Teachers Parents | Textbook, Internet | |
| 6 | Undertake Simple Project Works | Collect details of given project Works | Monthly | Teachers , Parents | | |
| 7 | To acquire more speaking skills | Spoken  English Training | Once in a week | Teacher | Internet | |

# പരിസര പഠനം (ശാസ്ത്രപഠനം)

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | പാഠപുസ്തകത്തിലെ വസ്തുതകളിലെ ശാസ്ത്രീയത വ്യക്തമാക്കൽപ് | പാഠപുസ്തവിനിമയം,ശാസ്ത്രീയ ചിന്താഗതി അടിത്തറ പാകൽ ജീവനുള്ളവ, അല്ലാത്തവ , വസ്തുക്കളെ തരം തിരിക്കൽ,നിരീക്ഷണം, വർക്ക്ഷീറ്റുകൾ, പൂക്കൾ, നിറങ്ങൾക്കനുസരിച്ച് മണം തരം തിരിക്കൽ | ദൈനംദിന പ്രവർത്തനങ്ങൾ | അധ്യാപകർ, രക്ഷിതാക്കൾ | വേനൽ പച്ച പരിസ്ഥിതി പാഠപുസ്തകം | |
| 2 | പൂന്തോട്ട നിർമ്മാണം | ചെടികൾ ശേഖരിക്കൽ പാലിക്കൽ | നിത്യേനയുള്ള മേൽനോട്ടവും പരിചരണവും | അധ്യാപകർ | ഉപകരണങ്ങൾ | പി ടി എ |
| 3 | മാലിന്യ സംസ്കരണം | മണ്ണിര കമ്പോസ്റ്റ് നിർമ്മാണം, പച്ചക്കറി കൃഷി | എന്നും | അധ്യാപകർ, കൃഷിവകുപ്പ് | വിത്ത്, ഉപകരണങ്ങൾ | പി ടി എ, കൃഷിവകുപ്പ് |
| 4 | പഠനയാത്ര | ഫീൽഡ് ട്രിപ്പ്, സ്കൂളും, വീടും, സമീപസ്ഥലങ്ങൾ സന്ദർശനം | സമയബന്ധിതം | അധ്യാപകർ | കൈപ്പുസ്തകം | പി ടി എ, ബി ആർ സി |

| | | | | | | |
|---|---|---|---|---|---|---|
| 5 | സാമൂഹ്യസംഘടനയുടെ ആദ്യപാഠങ്ങൾ | വീട്, ചുറ്റുപാടുകൾ, സാമൂഹ്യജീവിതം, സഹകരണം അടി സ്ഥാനവിവരങ്ങൾ പകർന്നും അന്വേഷിച്ചറിയുന്നതി ന്നും, വർക്ക് ഷീറ്റുകൾ | നിശ്ചിത സമയം | അധ്യാപകർ | ചിത്രങ്ങൾ, സിഡി ,നെറ്റ് | |
| 6 | കേരളം, ഇന്ത്യ | നമ്മുടെ രാജ്യം ഇന്ത്യയാണെന്നും സംസ്ഥാനം,ജില്ല, പഞ്ചായത്ത് തുടങ്ങിയവ മനസ്സിലാക്കുന്നതിന് വർ ക്ക് ഷീറ്റുകൾ | നിരന്തരം | അധ്യാപകർ | ചിത്രങ്ങൾ, സിഡി ഇൻറർനെറ്റ്, രൂപങ്ങൾ | |
| 7 | കേരളം, ഇന്ത്യ-സംസ്ഥാനങ്ങൾ | സംസ്ഥാനങ്ങൾ കേന്ദ്രഭരണ പ്രദേശ ങ്ങൾ, തലസ്ഥാന നഗരി എന്നിവ വൈവിധ്യമാർന്ന സംസ്കാര ങ്ങളോടൊപ്പം പരിചയപ്പെടൽ | പാഠവുമായി ബന്ധപ്പെട്ട് | അധ്യാപകർ | ഭൂപടങ്ങൾ ഇൻറർനെറ്റ് ടെക്സ്റ്റ് ബുക്ക് | |
| 8 | കേരളത്തിലെ 14 ജില്ലകളും തിരി ച്ചറിഞ്ഞ് വായിക്കാൻ കഴിയു ന്നു. | ഭൂപടവായന | ജനവരി | അധ്യാപകർ | ഭൂപടങ്ങൾ ഇൻറർനെറ്റ് ടെക്സ്റ്റ് ബുക്ക് | |

| | | | | | | |
|---|---|---|---|---|---|---|
| 9 | പൊതു ഇടങ്ങൾ,പൊതു സ്ഥാപ നങ്ങൾ എന്നിവ പരിചയപ്പെടൽ | ഫീൽഡ് ട്രിപ്പ് | പാഠവുമായി ബന്ധപ്പെട്ട് | അധ്യാപകർ | ഇൻറർനെറ്റ് ടെക്സ്റ്റ് ബുക്ക് | |
| 10 | വ്യക്തിശുചിത്വം, പരിസര ചിത്വം എന്നിവയെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിന് | ബോധവത്ക്കരണ ക്ലാസ്സ് , പോസ്റ്റർ രചന, ആശുപത്രി സന്ദർശനം | പാഠവുമായി ബന്ധപ്പെട്ട് | അധ്യാപകർ, കുട്ടികൾ,മുതിർന്നവർ | ടെക്സ്റ്റ് ബുക്ക് | പി ടി എ |
| 11 | ഭക്ഷണങ്ങൾ ശീലങ്ങൾ പരിചയപ്പെടൽ | ബോധവത്ക്കരണം, പോസ്റ്റർ രചന, കടകൾ സന്ദർശിക്കൽ | പാഠവുമായി ബന്ധപ്പെട്ട് | അധ്യാപകർ,കുട്ടികൾ | ടെക്സ്റ്റ് ബുക്ക്, മുതിർന്നവർ | |
| 12 | പരീക്ഷണങ്ങൾ, ക്ലാസ്സ് ലാബ് | ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുകയും, റിപ്പോർട്ട് തയ്യാറാക്കലും,വിത്ത് മുളയ്ക്കുന്നത്, ഖരം, ദ്രാവകം, വാതകം ഇവ പഠിപ്പിക്കുന്നതിനുള്ള പരീക്ഷണം, വർക്ക്ഷീറ്റുകൾ | സമയബന്ധിതം | അധ്യാപകർ | അതത് ക്ലാസിൽ പരീക്ഷണം നടത്തുന്നതിന് ആവശ്യമായ വസ്തുക്കൾ അതത് ക്ലാസിൽ വയ്ക്കണം യുറീക്ക പോലുള്ള ശാസ്ത്ര മാസികകൾ | |

# കായിക പരിശീലനം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | അടിസ്ഥാന കായിക ക്ഷമത നേടുക താളാത്മക ചലനങ്ങൾ | നടത്തം ഓട്ടം ചാട്ടം കൈകാലുകൾ ഉപയോഗിച്ചുള്ള കളികൾ കുളം കര മഞ്ചാടി പെറുക്കൽ കൈകൊട്ടൽ | ദൈനംദിന പ്രവർത്തനങ്ങൾ | കായിക അധ്യാപകർ | സിഡി | |
| 2 | കളി ഉപകരണങ്ങൾ | പന്ത് സ്കിപ്പിംഗ് ഗ്രൂപ്പ് വളയം ഇവ ഉപയോഗിച്ചുള്ള കളികൾ | എന്നും | കായിക അധ്യാപകർ | മുതിർന്ന കുട്ടികൾ | |
| 3 | അടിസ്ഥാന കായിക ക്ഷമത പരിശീലനം | പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ വ്യക്തി ശുചിത്വം പരിസര ശുചിത്വം | ദൈനംദിന പ്രവർത്തനങ്ങൾ | കായിക അധ്യാപകർ | പാഠപുസ്തകം | |
| 4 | നല്ല ആരോഗ്യ ശീലങ്ങൾ പരിചയപ്പെടൽ | ബോധവൽക്കരണം യോഗ ക്ലാസ് | പാഠവുമായി ബന്ധപ്പെട്ട് | അധ്യാപകർ | ടെക്സ്റ്റ് ബുക്ക് | |

# കലാപഠനം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | കവിതകൾ ആസ്വാദനം | പാഠപുസ്തകങ്ങളിലെ കവിതകൾ | നിശ്ചിതസമയം | കലാകാരികൾ | സിഡി | P T A |
| 2 | അഭിനയം | നാടകം റോൾപ്ലേ | നിശ്ചിതസമയം | അധ്യാപകർ | യൂട്യൂബ് | P T A |
| 3 | പേപ്പർ ക്രാഫ്റ്റ് അനുബന്ധ കവിതകൾ വെജിറ്റബിൾ പ്രിന്റിംഗ് പരിശീലനം | മത്സര പരിശീലനം | ആവശ്യ സന്ദർഭങ്ങളിൽ | അധ്യാപകർ | യൂട്യൂബ് | |
| 4 | രചനകൾ | കഥാരചന കവിതാരചന ചിത്രരചന etc | ആവശ്യ സന്ദർഭങ്ങളിൽ | അധ്യാപകർ | ഇൻറർനെറ്റ് | |
| 5 | പാരമ്പര്യ കലകളെ കുറിച്ച് അറിവ് നേടുന്നതിന് | വീഡിയോ പ്രദർശനം പഠനയാത്ര കലാമണ്ഡലം etc | ആവശ്യ സന്ദർഭങ്ങളിൽ | അധ്യാപകർ | ഇൻറർനെറ്റ്, മുതിർന്നവർ | |

# ഐ സി ടി പ്രവർത്തനങ്ങൾ

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | മലയാളം | സിഡി ഉപയോഗിച്ച് കവിതകൾ കേൾപ്പിക്കുന്നു യൂട്യൂബിൽ നിന്നും കവിതകൾ സിനിമകൾ, കളിപ്പെട്ടി, മലയാളം ടൈപ്പിംഗ് | ആവശ്യസമയങ്ങളിൽ | അധ്യാപകർ | കൈപ്പുസ്തകം, സിഡി ഇൻററനെറ്റ് ലാപ്ടോപ്പ് | |
| 2 | ഇംഗ്ലീഷ് | യൂട്യൂബ്, ബ്ലോഗുകൾ E Cube English | ആവശ്യസമയങ്ങളിൽ | അധ്യാപകർ | ലാപ്ടോപ്പ് | |
| 3 | മാത്സ് | രൂപങ്ങൾ പരിചയപ്പെടുത്തൽ ജാമിതീയ രൂപങ്ങൾ വരക്കൽ | ആവശ്യസമയങ്ങളിൽ | അധ്യാപകർ | ലാപ്ടോപ്പ് | |

# യു.പി .വിഭാഗം

*എൽ. പി. വിഭാഗത്തിന്റെ തുടർച്ച എന്ന നിലയിൽ തങ്ങൾ തേടിയ അറിവുകൾ പ്രായോഗിക പഥത്തിലെത്തിക്കാൻ വേണ്ട പ്രവർത്തനങ്ങളാണ് യുപി വിഭാഗത്തിൽ ആസൂത്രണം ചെയ്യുക.

*ക്ലാസ് ലൈബ്രറി ശാക്തീകരിക്കുന്നതിന്പൂർവ്വ വിദ്യാർത്ഥികളുടെയും ഇതര അഭ്യുദയകാംക്ഷികളുടെയും  സഹകരണം തേടും.

* കുട്ടികളെ സ്കൂളിലേക്ക് ആകർഷിക്കുന്നതിന് പരമാവധി ശ്രമിക്കും.പ്രായോഗികതയിലൂന്നിയ പ്രവർത്തനങ്ങളാണ് ഞങ്ങൾ ആസൂത്രണം ചെയ്യുന്നത്.

*കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിനായി സ്കൂളിൽ ലഭ്യമായിട്ടുള്ള സയൻസ് പാർക്ക് വിപുലീകരിക്കും.

*മലയാളത്തിളക്കം, ശ്രദ്ധ പദ്ധതികൾക്ക് കൂടുതൽ പ്രാധാന്യം നൽകും .

*ദിനാചരണങ്ങളോടനുബന്ധിച്ച് സ്കിറ്റുകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ തയ്യാറാക്കുന്നതിനും അവതരിപ്പിക്കുന്നതിനും മുൻകൈ എടുക്കും.

*പത്രം വായിപ്പിക്കുന്നതിനു വേണ്ടി പത്രത്തെ അടിസ്ഥാനമാക്കിയുള്ള ക്വിസ്സുകൾ സംഘടിപ്പിക്കും.

*പുസ്തകങ്ങൾ വായിപ്പിക്കുന്നതിന് ഗ്രാമീണ വായനശാലയുമായി സഹകരിച്ചുകൊണ്ട് വായനാക്കുറിപ്പ് മത്സരം മാസം തോറും നടത്തും.

# ഭാഷാശേഷി വികസനം   മലയാളം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | മുന്നറിവ് പരിശോധന<br>കുട്ടികളുടെ മുന്നറിവ് പരിശോധിക്കൽ | ചെറിയ കഥകൾ വായിപ്പിക്കുന്നു.<br>കേട്ടെഴുത്ത് നടത്തുന്നു. | ഒരാഴ്ച | ക്ലാസ് ടീച്ചർ | കഥാപുസ്തകങ്ങൾ | |
| 2 | മലയാളം അസംബ്ലി<br>അവതരണമികവ് ഉണ്ടാക്കൽ | അസംബ്ലിയിൽ മലയാള പുസ്തകം പരിചയപ്പെടുത്തുന്നു.<br>എഴുത്തുകാരെ പരിചയപ്പെടുത്തുന്നു. | ആഴ്ചയിൽ മൂന്ന് ദിവസം | ക്ലാസ് ടീച്ചർ | പുസ്തകങ്ങൾ | |
| 3 | പത്രവായന<br>ലോക വിവരങ്ങൾ അറിയുന്നതിന് | ക്ലാസുകളിൽ കുട്ടികൾ ഒഴിവുസമയങ്ങളിൽ പത്രങ്ങൾ വായിക്കുകയും അതിൽ നിന്ന് ചോദ്യങ്ങൾ തയ്യാറാക്കുകയും പത്ര ക്വിസ് നടത്തുകയും ചെയ്യുന്നു. | വർഷം മുഴുവൻ | ക്ലാസ് ലീഡർ | പത്രം | മാധ്യമങ്ങൾ |

| | | | | | | |
|---|---|---|---|---|---|---|
| 4 | ക്ലാസ് ലൈബ്രറി ശാക്തീകരണം<br>പുസ്തക ശേഖരണം | കുട്ടികളും അധ്യാപകരും ചേർന്ന് പരമാവധി പുസ്തകങ്ങൾ ശേഖരിക്കുന്നു | വർഷം മുഴുവൻ | ക്ലാസ് ലൈബ്രറി കൗൺസിൽ മെമ്പർ | ലൈബ്രറി പുസ്തകങ്ങൾ | |
| 5 | സർഗവേള<br><br>കുട്ടികളുടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കൽ | കുട്ടികൾക്ക് അവരുടെ സർഗ്ഗാത്മകമായ കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരം കൊടുക്കുന്നു. | ആഴ്ചയിലൊരിക്കൽ | ക്ലാസ് ടീച്ചർ | | |
| 6 | വായന പക്ഷാചരണം<br><br>വായനയെ പരിപോഷിപ്പിക്കുന്നതിന് | പ്രശസ്തരായ കവികളുടെയും കഥാകൃത്തുക്കളുടെയു ം പുസ്തകങ്ങൾ കുട്ടികൾക്ക് വായിക്കാൻ കൊടുക്കുന്നു. വായനക്കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുന്നു. പതിപ്പ് തയ്യാറാക്കുന്നു . ചിത്രരചന മത്സരം | രണ്ടാഴ്ച | മലയാളം അധ്യാപകർ | പ്രശസ്തരായ കവികളുടെയും കഥാകൃത്തുക്കളുടെയു ം പുസ്തകങ്ങൾ | |

| | | | | | | |
|---|---|---|---|---|---|---|
| 7 | നിഘണ്ടു നിർമ്മാണം കുട്ടികളുടെ പദസമ്പത്ത് തയ്യാറാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പദങ്ങളെല്ലാം ഉൾപ്പെടുത്തിനിഘണ്ടുവിന്റെ നിയമാവലി പാലിച്ചുകൊണ്ട് കുട്ടികൾ അവരുടെ നോട്ടുബുക്കിൽ നിഘണ്ടു തയ്യാറാക്കുന്നു. | വർഷം മുഴുവൻ | കുട്ടികൾ | ടെക്സ്റ്റ്ബുക്ക് | |
| 8 | പരിഹാരബോധനം<br><br>പഠനത്തിൽ പിന്നോക്കക്കാരെ ഉയർത്തി കൊണ്ടുവരൽ | മലയാളത്തിളക്കം, ശ്രദ്ധ, വേനൽപ്പച്ച തുടങ്ങിയവയുടെ ഫലപ്രദമായ വിനിമയം | ആവശ്യാനുസരണം | മലയാളം അധ്യാപകർ | മലയാളത്തിളക്കം, സി.ഡി.കൾ, മൊഡ്യൂൾ, വേനൽപ്പച്ച | ബി ആർ സി |

# ഭാഷാശേഷി വികസനം ഇംഗ്ലീഷ്

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | കുട്ടികളുടെ മുന്നറിവ് പരിശോധിക്കൽ | ചെറിയ കഥകൾ വായിപ്പിക്കുന്നു. കേട്ടെഴുത്ത് നടത്തുന്നു. | ഒരാഴ്ച | ക്ലാസ് ടീച്ചർ | കഥാപുസ്തകങ്ങൾ | |
| 2 | ഇംഗ്ലീഷ് അസംബ്ലി അവതരണ മികവ് ഉണ്ടാക്കൽ | ഏതെങ്കിലും ഒരു മൂല്യത്തെ കുറിച്ച് ഒരു അധ്യാപികയും ഒരു കുട്ടിയും ഇംഗ്ലീഷിൽ അഞ്ച് മിനിറ്റ് സംസാരിക്കുന്നു . | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | പുസ്തകങ്ങൾ | |
| 3 | പത്രവായന ഇംഗ്ലീഷ് ഭാഷയുടെ വികാസത്തിന് | ഇംഗ്ലീഷ് ന്യൂസ് പേപ്പർ കുട്ടികൾ ക്ലാസിൽ വായിക്കുന്നു .പ്രധാന വാർത്തകളെ കുറിച്ച് ഇംഗ്ലീഷിൽ സംസാരിക്കുന്നു പദപ്രശ്നങ്ങൾ ചെയ്യുന്നു | വർഷം മുഴുവൻ | ക്ലാസ് ലീഡർ | പത്രം | മാധ്യമങ്ങൾ |

| | | | | | | |
|---|---|---|---|---|---|---|
| 4 | ക്ലാസ് ലൈബ്രറി<br>ക്ലാസ് ലൈബ്രറി ശാക്തീകരണം | ഇംഗ്ലീഷിലുള്ള ചെറിയ കഥകൾ, കവിതകൾ, കാർട്ടൂണുകൾ എന്നിവ കുട്ടികൾ ശേഖരിക്കുന്നു. അവ വേണ്ട വിധം ഉപയോഗിക്കുന്നു . | ആദ്യ ടേം | കുട്ടികൾ, ടീച്ചേഴ്സ് | ഇംഗ്ലീഷിലുള്ള ചെറിയ കഥകൾ, കവിതകൾ, കാർട്ടൂണുകൾ | |
| 5 | സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്<br><br>കുട്ടികളുടെ സംഭാഷണശേഷി വർദ്ധിപ്പിക്കൽ | ഇംഗ്ലീഷിൽ വൈദഗ്ധ്യം ഉള്ള ആളുകളെ വരുത്തി ക്ലാസുകൾ കൊടുക്കുന്നു. | മൂന്നുമാസം | ഇംഗ്ലീഷ് ക്ലബ്ബ് | സി ഡി | പി ടി എ, ബി ആർ സി |
| 6 | ഇംഗ്ലീഷ് ഫെസ്റ്റ്<br><br>ഇംഗ്ലീഷ് പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിന് | പാഠഭാഗവുമായി ബന്ധപ്പെട്ട റിസോഴ്സുകളെല്ലാം ഉൾപ്പെടുത്തി ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. | വർഷത്തിലൊരിക്കൽ | ഇംഗ്ലീഷ് ക്ലബ്ബ്,അധ്യാപകർ | ഐ സി ടി, പുസ്തകങ്ങൾ | പി ടി എ, രക്ഷിതാക്കൾ |
